## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6601     08.11.2016 ൽ - മറുപടിക്ക്

### സപ്ലൈകോ ഹൈപ്പർമാർക്കറ്റ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എൻ. വിജയൻ പിള്ള | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പൊതുവിതരണ ശൃംഖലയിൽ കൂടി വിതരണം ചെയ്യുന്ന സാധനങ്ങൾ ആവശ്യാനുസരണം ലഭ്യമാകുന്നില്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിൽ ബി.പി.എൽ കാർഡുടമകൾക്ക് 20 കി.ഗ്രാം അരിയും 5 കി.ഗ്രാം ഗോതമ്പും കാർഡ് അംഗങ്ങൾക്ക് 400 ഗ്രാം പഞ്ചസാര വീതവും പ്രതിമാസം നൽകുന്നുണ്ട്. എ.എ.വൈ കാർഡുടമകൾക്ക് 35 കി.ഗ്രാം അരിയും കാർഡ് അംഗങ്ങൾക്ക് 400 ഗ്രാം പഞ്ചസാരയും പ്രതിമാസം നൽകുന്നുണ്ട്. എ.പി.എൽ കാർഡുടമൾക്ക് 5 കി.ഗ്രാം അരിയും ഒരു കി.ഗ്രാം ഗോതമ്പും പ്രതിമാസം നൽകുന്നുണ്ട്. വൈദ്യുതീകരിക്കാത്ത വീടിന് പ്രതിമാസം 4 ലിറ്റർ മണ്ണെണ്ണയും വൈദ്യുതീകരിച്ച വീടിന് അര ലിറ്റർ മണ്ണെണ്ണയും നൽകുന്നുണ്ട്. പൊതുവിതരണ ശൃംഖല വഴി മേൽ പറഞ്ഞ പ്രകാരം വിതരണം നടത്തുന്ന റേഷൻ സാധനങ്ങൾ ആവശ്യകതയ്ക്കനുസരിച്ച് പര്യാപ്തമാകുന്നില്ല എന്നതു സംബന്ധിച്ച പരാതികൾ ഒന്നും ലഭിച്ചിട്ടില്ല. |
| (ബി) നിയമസഭാ മണ്ഡലങ്ങളിൽ ഒരു സപ്ലൈകോ ഹൈപ്പർ മാർക്കറ്റ് വീതം തുടങ്ങുന്നത് പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ബി) സപ്ലൈകോയ്ക്ക് സ്വന്തമായി ഭൂമിയുള്ള സ്ഥലങ്ങളിലാണ് ഇപ്പോൾ ഹൈപ്പർ മാർക്കറ്റുകൾ ആരംഭിക്കുവാൻ ഉദ്ദേശിച്ചിട്ടുള്ളത്. കൊല്ലം, തിരുവല്ല, പിറവം എന്നിവിടങ്ങളിലാണ് ഹൈപ്പർ മാർക്കറ്റ് പദ്ധതിയിൽ പുതിയ വിൽപ്പനശാലകൾ പരിഗണനയിലുള്ളത്. |

സെക്ഷൻ ഓഫീസർ